*വിശുദ്ധ വിൻസന്റ് പള്ളോട്ടിയുടെ തിരുനാൾ*
*ജനുവരി 22, 2009*

# പെന്തക്കൂസ്താ അനുഭവം

എന്റെ മുറിയിൽ ഒരു പടം ഫ്രെയിം ചെയ്തു വച്ചിട്ടുണ്ട്. കുറേ വർഷങ്ങൾക്കു മുൻപ് പള്ളോട്ടിയിൻ സിസ്റ്റേഴ്സിന്റെ ജനറൽ ഇവിടെ വന്നപ്പോൾ എനിക്കു സമ്മാനമായി തന്നതാണ് ആ പടം. അപ്പോസ്തലന്മാരുടെ രാജ്ഞിയായ പരിശുദ്ധ കന്യകാ മറിയത്തിന്റെ ഒരു ചിത്രമാണത്. പെന്തക്കോസ്താ ദിനത്തിൽ സെഹിയോൻ മാളികയിൽ സംഭവിച്ചതാണ് ആ പടത്തിൽ ചിത്രീകരിച്ചിരിക്കുന്നത്. നടുക്ക് പരിശുദ്ധ കന്യകാമറിയം; ചുറ്റും പന്ത്രണ്ട് അപ്പോസ്തലന്മാർ; ഓരോരുത്തരുടെയും തലയ്ക്കുമുകളിൽ തീനാവുകളുടെ രൂപത്തിൽ പരിശുദ്ധാത്മാവ് ഇറങ്ങിവരുന്നു. പ്രത്യക്ഷീകരണത്തിന്റെ തിരുനാളിനെപ്പോലെ തന്നെ തന്റെ ജീവിതത്തിൽ വിശുദ്ധ വിൻസന്റ് പള്ളോട്ടി വളരെയേറെ പ്രാധാന്യം കൊടുത്തിരുന്ന ഒരു രഹസ്യമാണ് പെന്തക്കൂസ്താ അനുഭവമെന്ന് അപ്പോൾ ആ മദർ ജനറൽ എന്നോടു പറയുകയുണ്ടായി. പ്രേഷിത പ്രവർത്തനങ്ങൾക്കു മുൻതൂക്കം കൊടുത്ത ഒരു വിശുദ്ധനാണല്ലോ വിന്റസന്റ് പള്ളോട്ടി. പരിശുദ്ധാത്മാവിന്റെ ആവാസമാണല്ലോ മറിയത്തെയും അപ്പോസ്തലന്മാരെയും പ്രേഷിത പ്രവർത്തകരായി രൂപാന്തരപ്പെടുന്നത്. അതുകൊണ്ടാണ് പെന്തക്കൂസ്താ അനുഭവത്തിന് വളരെയേറെ പ്രാധാന്യം നൽകണമെന്നും അപ്പോസ്തലന്മാരുടെ രാജ്ഞിയായ പരിശുദ്ധ കന്യകാമറിയത്തിന്റെ പ്രത്യേക മാദ്ധ്യസ്ഥം അപേക്ഷിക്കണമെന്നും വിശുദ്ധ വിന്റസന്റ് പള്ളോട്ടി തന്റെ സഭാംഗങ്ങളോടെല്ലാം ആവശ്യപ്പെടുന്നത്.

ഈ പെന്തക്കൂസ്താ അനുഭവത്തെ അപ്പോസ്തലന്മാരുടെ പ്രവർത്തനങ്ങളിൽ വിവരിച്ചിരിക്കുന്നത് ഇപ്രകാരമാണ്: ''പെന്തക്കൂസ്താദിനം സമാഗതമായപ്പോൾ അവരെല്ലാവരും ഒരുമിച്ചു കൂടിയിരിക്കുകയായിരുന്നു. കൊടുങ്കാറ്റടിക്കുന്നതു പോലുള്ള ഒരു ശബ്ദം പെട്ടെന്ന് ആകാശത്തുനിന്നുണ്ടായി. അത് അവർ സമ്മേളിച്ചിരുന്ന വീടുമുഴുവനും നിറഞ്ഞു. അഗ്നിജ്വാലകൾ പോലുള്ള നാവുകൾ തങ്ങളോരോരുത്തരുടെയും മേൽ വന്ന് നിൽക്കുന്നതായി അവർ കണ്ടു. അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞു. ആത്മാവു കൊടുത്ത ഭാഷാവരമനുസരിച്ച് അവർ വിവിധ ഭാഷകളിൽ സംസാരിക്കാൻ തുടങ്ങി'' (അപ്പോ. പ്രവ. 2, 1-4).

ഒരു സംഭവവും അതിനുവേണ്ടിയുള്ള ഒരുക്കങ്ങളുമാണ് ഇവിടെ നമുക്ക് കാണാൻ സാധിക്കുന്നത്. ചിതറിക്കിടന്നിരുന്നവരെല്ലാം ഒരുമിച്ചുകൂടിയത് സംഭവത്തിനുള്ള ഒരുക്കത്തിന്റെ ആദ്യപടിയായിരുന്നു. ചിലതെല്ലാം അവർ കേൾക്കുകയും കാണുകയും ചെയ്യുന്നു. ആകാശത്തുനിന്നും കൊടുങ്കാറ്റടിക്കുന്നതു പോലുള്ള ഒരു ശബ്ദം അവരെല്ലാം കേൾക്കുന്നു. ആഗ്നിജ്വാലകൾ പോലുള്ള നാവുകൾ അവർ ഓരോരുത്തരുടെയും മേൽ വന്നുനിൽകുന്നത് അവർ കാണുന്നു. ഇങ്ങനെ ഒരുമിച്ചുകൂടിയതു കൊണ്ടും കാര്യങ്ങൾ കാണുകയും കേൾക്കുകയും ചെയ്തതുക്കൊണ്ടും മാത്രം എല്ലാം അവസാനിക്കുന്നില്ല. ഇതെല്ലാം വെറും ഒരുക്കങ്ങൾ മാത്രമാണ്. എന്നാൽ യഥാർത്ഥത്തിൽ അവിടെ സംഭവിച്ചതിതായിരുന്നു; അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞു; അതിന്റെ ഫലമായി അവർ അവിടെ സമ്മേളിച്ച എല്ലാവർക്കും മനസ്സിലാകുന്ന ഭാഷകളിൽ സംസാരിച്ചു.

വിശുദ്ധ വിൻസന്റ് പള്ളോട്ടിയെ സംബന്ധിച്ചിടത്തോളം ഈ പെന്തക്കൂസ്താ അനുഭവത്തിലേയ്ക്ക് എല്ലാവരെയും കൊണ്ടുവരുന്നതായിരുന്നു പ്രേഷിത പ്രവർത്തനം. അദ്ദേഹത്തിന് എല്ലാ ദിവസങ്ങളും പെന്തക്കൂസ്താ ദിനങ്ങളായിരുന്നു. ആദ്യത്തെ പെന്തക്കൂസ്താ ദിനത്തോടുകൂടി തീർന്നുപോയതല്ല പെന്തക്കൂസ്താ അനുഭവം. ലോകാവസാനം വരെ തുടരുന്ന ഒരു അനുഭവമാണിത്. ഈ

അൾത്താരയിൽ നിന്നുകൊണ്ട് പുരോഹിതൻ അപ്പവും വീഞ്ഞുമെടുത്ത് കൂദാശ ചെയ്യുമ്പോൾ സെഹിയോൻ മാളികയിൽ സംഭവിച്ചതുപോലെ തന്നെ ഇന്നും അവ യേശുവിന്റെ തിരുശ്ശരീര രക്തങ്ങളായി മാറുന്നു. അതുപോലെ വിശ്വാസികളെല്ലാം ഒരുമിച്ചു വരുകയും കൊടുങ്കാറ്റിനെക്കാളും ശക്തമായ ദൈവവചനത്തിന്റെ സ്വരം ശ്രവിക്കുകയും സ്നേഹമാകുന്ന ദീപനാളം ഈ കൂട്ടായ്മയിൽ ജ്വലിച്ച് നിൽക്കുന്നത് അവർ കാണുകയും ചെയ്യുന്ന അവസരങ്ങളിലെല്ലാം പരിശുദ്ധാത്മാവ് ഇവരിലെല്ലാം വന്നു നിറയുന്നു; അപ്പോൾ എല്ലാവർക്കും മനസ്സിലാകുന്ന സ്നേഹമാകുന്ന ഭാഷ സംസാരിക്കാൻ നാം പ്രാപ്തരായി തീരുന്നു. ഇങ്ങനെ വിശ്വാസികളുടെ കൂട്ടായ്മകളെല്ലാം തന്നെ പുതിയ പുതിയ പെന്തക്കൂസ്താ അനുഭവങ്ങളാണ് നമുക്ക് പകർന്നുനൽകുന്നത്. ദിവ്യബലിക്കായിട്ടുള്ള നമ്മുടെ കൂടിവരവും വിശ്വാസികളായ നമ്മുടെ വിവിധ സമ്മേളനങ്ങളും അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളിലുള്ള നമ്മുടെ ഭാഗഭാഗിത്വവും പരിശുദ്ധാത്മാവിനെ സ്വീകരിക്കാൻ നമ്മെ സഹായിക്കുന്ന വേദികളാണ്. പരിശുദ്ധാത്മാവിന്റെ ഈ നിറവാണ് വിശുദ്ധ പള്ളോട്ടി വളരെയേറെ പ്രാധാന്യം നൽകിയിരുന്ന പ്രേഷിത പ്രവർത്തനങ്ങളുടെയെല്ലാം കാതലായ ഭാഗം.

ഇന്ന് സഭയിലുണ്ടാകേണ്ട ഒരു പുതിയ പെന്തകൂസ്താ അനുഭവത്തിന്റെ ആവശ്യകതയെക്കുറിച്ച് ഭാഗ്യസ്മരണാർഹനായ പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ പലവട്ടം സംസാരിച്ചിട്ടുണ്ട്. സെഹിയോൻ മാളികയിൽ പരിശുദ്ധ കന്യകാമറിയത്തിനും അപ്പോസ്തലന്മാർക്കും ലഭിച്ചത് ഒരു പുതിയ പെന്തക്കൂസ്താ അനുഭവമായിരുന്നു. കാരണം യഹൂദരുടെ പഴയ പെന്തക്കൂസ്തായിൽ നിന്നും വ്യത്യസ്തമായിരുന്നു ഈ അനുഭവം. ഈ അനുഭവം ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു. നമ്മുടെ കൂട്ടായ്മകളും ഈ അനുഭവത്തിന്റെ വേദികളാകണമെങ്കിൽ ആദ്യമായി വേണ്ടത് ഇപ്പോൾ ഇവിടെ നമുക്കും ഈ അനുഭവം സാദ്ധ്യമാണെന്ന് നാം വിശ്വസിക്കണം; അതിനായി നാം ആഗ്രഹിക്കണം; അപ്പോസ്തലന്മാർ യേശുവിന്റെ അമ്മയായ മറിയത്തോടൊപ്പം പ്രാർത്ഥനയിൽ മുഴുകിയിരിക്കുന്നതു പോലെ നാമും പ്രാർത്ഥനയിൽ മുഴുകിയിരിക്കണം (cfr. അപ്പോ. പ്രവ. 1, 14). ആദ്യത്തെ പെന്തക്കൂസ്താ ദിനത്തിൽ സംഭവിച്ചതുപോലെ ഇന്നും കുടിവരവിനും, ദൈവവചന പാരായണത്തിനും പ്രാർത്ഥനയ്ക്കമൊന്നും കുറവില്ല. എന്നാൽ രണ്ടു തരത്തിലാണ് മനുഷ്യർ ഈ കൂടിവരവിനെ വീക്ഷിക്കാറുള്ളത്: ''പുതുവീഞ്ഞു കുടിച്ച് അവർക്ക് ലഹരി പിടിച്ചിരിക്കുകയാണ്'' (അപ്പോ. പ്രവ. 2, 13) എന്നു പറഞ്ഞ് ഇതിനെ പരിഹസിക്കുന്നവരുണ്ട്. അതേസമയം തന്നെ, ''ദൈവത്തിന്റെ അത്ഭുതപ്രവർത്തികൾ അവർ വിവരിക്കുന്നത് നമ്മുടെ മാതൃഭാഷകളിൽ കേൾക്കുന്നല്ലോ. ഇതിന്റെയെല്ലാം അർത്ഥമെന്താണ് എന്ന് പരസ്പരം ചോദിച്ചുകൊണ്ട്'' (അപ്പോ. പ്രവ. 2, 12) അത്ഭുതപ്പെടുന്നവരുണ്ട്. ഇന്നും മുൻവിധികളൊന്നും കൂടാതെ തുറന്ന മനോഭാവത്തോടുകൂടി ദൈവത്തിന്റെ അത്ഭുത പ്രവൃത്തികൾ കാണുവാനും കേൾക്കുവാനും ഒരുമിച്ച് കൂടുന്നവരാണ് നാമെങ്കിൽ പരിശുദ്ധാത്മാവ് നമ്മിൽ വന്ന് ആവസിക്കുകതന്നെ ചെയ്യും. ഈ വിശ്വാസമാണ് പുതിയ പെന്തക്കൂസ്താ അനുഭവത്തിന് പ്രഥമയും പ്രധാനവുമായി നമുക്ക് ആവശ്യമായിരിക്കുന്നത്.

പുതിയ പെന്തക്കൂസ്താ അനുഭവത്തിലൂടെ എന്താണ് നമ്മിൽ സംഭവിക്കുന്നതെന്ന് മനസ്സിലാക്കണമെങ്കിൽ യഹൂദന്മാരുടെ പഴയ പെന്തക്കൂസ്താ എന്താണെന്ന് നാം മനസ്സിലാക്കണം. വിളവെടുപ്പിന്റെ ആഘോഷമായിട്ടാണ് ആദ്യമായി യഹൂദർ പെന്തക്കൂസ്താ ആചരിച്ചിരുന്നത്. പെന്തക്കൂസ്തായുടെ അർത്ഥം അൻപതാം തിരുനാൾ എന്നാണ്. യഹൂദന്മാരുടെ ഏറ്റവും വലിയ തിരുനാൾ കുഞ്ഞാടിനെ ബലിയർപ്പിച്ച് അതിന്റ രക്തം വാതിൽപ്പടികളിൽ പുരട്ടുന്ന പെസഹാ ആയിരുന്നു. ഏഴ് എന്ന സംഖ്യ യഹൂദന്മാരെ സംബന്ധിച്ചിടത്തോളം പൂർണ്ണതയുടെ അടയാളമായതുകൊണ്ട് ഈ പെസഹാ ആഘോഷങ്ങൾ ഏഴ് ആഴ്ച്ചകൾ നീണ്ടു നിന്നിരുന്നു;

അതായത് ഏഴ് ഏഴ് നാല്പത്തിയൊൻപതു ദിവസം. അൻപതാം ദിവസം തിരുനാളായി ആചരിച്ചുകൊണ്ട് അവർ പെസഹാ ആഘോഷങ്ങൾക്ക് സമാപനം കുറിക്കുകയാണ് ചെയ്തിരുന്നത്.

വേറൊരു പാരമ്പര്യം കൂടിയുണ്ട്. യേശുവിന്റെ കാലത്ത് ഇത് കൂടുതൽ പ്രകടമായിരുന്നു. ഈജിപ്റ്റിൽ വച്ച് പെസഹാ ആചരിച്ചുകൊണ്ടാണല്ലോ ഇസ്രായേൽ ജനത വാഗ്ദാന ഭൂമിയിലേയ്ക്ക് പുറപ്പെട്ടുപോയത്. ആ പെസഹായുടെ അൻപതാം ദിവസം അവർ സീനായ് മലയിൽ എത്തിചേർന്നു. അവിടെവച്ച് ദൈവം മോസസിന് പത്തുപ്രമാണങ്ങൾ നൽകുന്നു. ദൈവകരങ്ങളാൽ കൽഫലകകളിലെഴുതിയ കല്പനകൾ യഹൂദ ജനതയ്ക്കു നൽകപ്പെട്ട ദിവസമായിട്ടാണ് അവർ ഈ അൻപതാം ദിവസം ആചരിച്ചിരുന്നത്. ഈ കല്പനകളനുസരിച്ച് ജീവിക്കാമെന്ന് ഇസ്രായേൽ ജനം വാഗ്ദാനം ചെയ്തപ്പോഴാണ് അവരെ എന്നും സംരക്ഷിച്ചുകൊള്ളാമെന്ന് പറഞ്ഞ് ദൈവം അവരുമായി ഒരു ഉടമ്പടി ചെയ്തത്. എന്നാൽ ഈ കല്പനകളനുസരിക്കാതെ ദൈവത്തെ ധിക്കരിക്കുകയും ദൈവത്തിൽ നിന്ന് അകന്നു പോവുകയും ദൈവത്താൽ തിരസ്കരിക്കപ്പെടുന്ന ഒരു ജനതയെയാണ് ഇസ്രായേലിന്റെ ചരിത്രത്തിലുടനീളം നമുക്ക് കാണാൻ സാധിക്കുന്നത്. പ്രവാചകന്മാരെ അയച്ച് ദൈവം അവർക്ക് മുന്നറിയിപ്പുകൾ നൽകി; പലപ്പോഴും ദൈവം അവരെ ശിക്ഷാവിധിക്കു വിധേയമാക്കി. അതു ചെയ്യരുത്; ഇതു ചെയ്യരുത് എന്നൊക്കെ കല്പിച്ചുകൊണ്ട് ഇഷ്ടാനുസരണമുള്ള ജീവിതത്തെ തടസ്സപ്പെടുത്തുന്ന ദൈവിക നിയമങ്ങൾ യഹൂദജനതയെ സംബന്ധിച്ചിടത്തോളം അവരുടെ ചുമലിൽ കെട്ടിയ വലിയൊരു ഭാരമായി അവർക്ക് അനുഭവപ്പെട്ടു. അത് അവരെ കൂടുതൽ കഠിനഹൃദയരാക്കി. നിരന്തരമായി താക്കീതുകൾ നൽകുകയും ശിക്ഷിക്കുകയും ചെയ്ത ദൈവത്തെ അവർ ഒരു ശത്രുവായി കരുതി. ഇങ്ങനെ നിയമം അവരെ പാപത്തിലേയ്ക്കും ശിക്ഷാവിധിയിലേയ്ക്കും മരണത്തിലേയ്ക്കും നയിക്കുന്നതായിട്ടാണ് അവർക്ക് അനുഭവപ്പെട്ടിരുന്നത്. ദൈവസഹായം കൂടാതെ മനുഷ്യന്റെ ശക്തികൊണ്ടും കഴിവുകൾ കൊണ്ടും മാത്രം ദൈവിക നിയമങ്ങൾ പാലിച്ച് ജീവിക്കാൻ സാധിക്കുകയില്ലെന്ന് ദൈവം ഇതുവഴി മനസ്സിലാക്കിക്കൊടുക്കുകയായിരുന്നു. അതുകൊണ്ടാണ് ദൈവം എസക്കിയേൽ പ്രവാചകൻ ഇപ്രകാരം വാഗ്ദാനം ചെയ്തത്: ''അവർക്ക് ഞാൻ ഒരു പുതിയ ഹൃദയം നൽകും; ഒരു പുതിയ ചൈതന്യം അവരിൽ ഞാൻ നിക്ഷേപിക്കും. അവരുടെ ശരീരത്തിൽ നിന്ന് ശിലാഹൃദയം എടുത്തുമാറ്റി ഒരു മാംസളഹൃദയം ഞാൻ കൊടുക്കും. അങ്ങനെ അവർ എന്റെ കല്പനകളനുസരിച്ചു ജീവിക്കുകയും എന്റെ നിയമങ്ങൾ ശ്രദ്ധയോടെ പാലിക്കുകയും ചെയ്യും. അവർ എന്റെ ജനവും ഞാൻ അവരുടെ ദൈവവുമായിരിക്കും'' (എസ. 11, 20).

ഈ വാഗ്ദാനമാണ് പുതിയ പെന്തക്കൂസ്തായോടെ നിറവേറുന്നത്. പുതിയ പെസഹാകുഞ്ഞാടായ യേശു മരണത്തിലൂടെ കടന്ന് ഉയിർപ്പിന്റെ മഹിമയിലേയ്ക്ക് പ്രവേശിച്ചതിന്റെ അൻപതാം ദിവസമായിരുന്നു പരിശുദ്ധാത്മാവ് മറിയത്തിന്റെയും അപ്പോസ്തലന്മാരുടെയും യേശുവിൽ വിശ്വസിച്ച എല്ലാവരുടെയും മേൽവന്നു ആവസിക്കുന്നത്. പരിശുദ്ധാത്മാവ് സഹായകനാണ്. മനുഷ്യശക്തികൊണ്ടും കഴിവുകൾ കൊണ്ടും മാത്രം അനുസരിക്കാനാവാത്ത ദൈവീക നിയമമനുസരിച്ച് ജീവിക്കുവാൻ നമ്മെ സഹായിക്കുവാനാണ് ദൈവം തന്റെ ആത്മാവിനെ നമ്മുടെമേൽ വർഷിക്കുന്നത്. പഴയ പെസഹായുടെ അൻപതാം ദിവസമായ പെന്തക്കൂസ്താ ദിനത്തിൽ ദൈവം തന്റെ തന്നെ വിരലുകൾകൊണ്ട് കല്പലകകളിലെഴുതിയ നിയമം അവർക്ക് നൽകി. പുതിയ പെസഹായുടെ അൻപതാം ദിവസമായ പെന്തക്കൂസ്താ ദിനത്തിൽ പരിശുദ്ധാത്മാവിനാൽ ഹൃദയത്തിൽ ആലേഖനം ചെയ്ത പുതിയ നിയമം നൽകുന്നു. പൗലോസ് അപ്പോസ്തലൻ റോമാക്കാർക്കുള്ള തന്റെ ലേഖനത്തിൽ പറയുന്നതുപോലെ യേശു ക്രിസ്തുവിലുള്ള ജീവാത്മാവിന്റെ നിയമം നമ്മെ പാപത്തിന്റെയും മരണത്തിന്റെയും നിയമത്തിൽ നിന്നും സ്വാതന്ത്രരാക്കിയ രഹസ്യമാണ് പുതിയ പെന്തക്കൂസ്തായിൽ നാം ആഘോഷിക്കുന്നത് (cfr. റോമ. 8, 1-2).

പൗലോസ് അപ്പോസ്തലൻ പറയുന്ന ഈ ജീവാത്മാവിന്റെ അഥവാ പരിശുദ്ധാത്മാവിന്റെ നിയമം യേശു നൽകിയ സ്നേഹത്തിന്റെ നിയമം തന്നെയാണ് ദൈവത്തിന്റെ നിയമങ്ങൾ നമുക്ക് മാർഗ്ഗതടസ്സങ്ങളല്ല, രക്ഷയിലേയ്ക്കുള്ള വഴികാട്ടികളാണ് എന്ന് മനസ്സിലാക്കാൻ വേണ്ട വെളിച്ചം നമുക്കുനൽകുന്നത് പരിശുദ്ധാത്മാവാണ്. ധൂർത്ത പുത്രനെപ്പോലെ ദൈവത്തെ തന്റെ ഇഷ്ടാനിഷ്ടങ്ങൾ നമ്മുടെ മേൽ അടിച്ചേല്പിക്കുന്ന യജമാനനായി കാണാതെ സ്നേഹനിധിയായ ഒരു പിതാവായി കാണാനുള്ള സുബുദ്ധി നമ്മിൽ ഉദിപ്പിക്കുന്നത് പരിശുദ്ധാത്മാവാണ്. പൗലോസ് അപ്പോസ്തലൻ പറയുന്നതുപോലെ, ''നിങ്ങളെ വീണ്ടും ഭയത്തിലേയ്ക്ക് നയിക്കുന്ന അടിമത്തത്തിന്റെ ആത്മാവിനെയല്ല മറിച്ച്, പുത്രസ്വീകാര്യത്തിന്റെ ആത്മാവിനെയാണ് നിങ്ങൾ കൈക്കൊണ്ടിരിക്കുന്നത്. ഈ ആത്മാവ് മൂലമാണ് നാം ആബ്ബാ പിതാവേ - എന്ന് വിളിക്കുന്നത്'' (റോമ. 28, 13). ഗലേഷ്യാക്കാർക്കുള്ള ലേഖനത്തിലും പൗലോസ് ഇതുതന്നെയാണ് നമ്മെ അനുസ്മരിപ്പിക്കുന്നത്: ''നിങ്ങൾ മക്കളായതുകൊണ്ട് ആബ്ബാ! - പിതാവേ! - എന്നു വിളിക്കുന്ന തന്റെ പുത്രന്റെ ആത്മാവിനെ ദൈവം നമ്മുടെ ഹൃദയത്തിലേയ്ക്ക് അയച്ചിരിക്കുന്നു. ആകയാൽ, നീ ഇനിമേൽ ദാസനല്ല, പിന്നെയോ പുത്രനാണ്; പുത്രനാണെങ്കിൽ ദൈവഹിതമനുസരിച്ച് അവകാശിയുമാണ്'' (ഗലേ. 4, 6-7). ആത്മാവിന്റെ ഈ പ്രവർത്തനം മൂലമാണ് വെറും അടിമകളുടെ അവസ്ഥയിൽ നിന്നും ദൈവമക്കളായി നാം രൂപാന്തരപ്പെടുന്നത്. ''ആത്മാവിനാലും ജലത്താലുമുള്ള ജനനം'' (cfr. യോഹ. 3, 5) എന്നു പറയുന്നത് അടിമത്ത മനോഭാവത്തിൽ നിന്നും ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്കും സ്നേഹത്തിലേയ്ക്കുമുള്ള ഈ രൂപാന്തരം തന്നെയാണ്. വിശുദ്ധ അഗസ്റ്റിൻ പറയുന്നു: ''സ്നേഹിക്കുക; പിന്നെ എന്തുവേണമെങ്കിലും ചെയ്തുകൊള്ളുക.'' സ്നേഹത്തിന്റെ നിയമം കൈമുതലായുള്ളവന് പിന്നെ മറ്റൊരു നിയമത്തിന്റെയും ആവശ്യമില്ല. കാരണം പരിശുദ്ധമായ സ്നേഹം ഹൃദയത്തിൽ കാത്തുസൂക്ഷിക്കുന്ന ഒരുവന് പാപം ചെയ്യാൻ സാധിക്കുകയില്ല. പരിശുദ്ധമായ ഈ സ്നേഹത്തിന്റെ, സ്നേഹത്തിന്റെ ഈ നിയമത്തിന്റെ ഉറവിടം പരിശുദ്ധാത്മാവാണ്. പരിശുദ്ധാത്മാവ് നമ്മിൽ വന്നു നിറയുമ്പോൾ അനുഭവവേദ്യമാകുന്ന സ്നേഹത്തിന്റെ ഈ നിറവാണ് പെന്തക്കൂസ്താനുഭവം. പ്രേഷിത പ്രവർത്തനങ്ങളുടെ അന്തസത്തയായ ഈ പെന്തക്കൂസ്താനുഭവത്തിൽ വളരുവാനുള്ള കൃപയ്ക്കായിട്ട് അപ്പോസ്തലന്മാരുടെ രാജ്ഞിയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും വിശുദ്ധ വിൻസന്റ് പള്ളോട്ടിയുടെയും മാദ്ധ്യസ്ഥ്യത്തിലൂടെ നമുക്ക് ദൈവത്തോട് അപേക്ഷിക്കാം. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!